**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2779** | **13-12-2022 - ൽ മറുപടിയ്ക്ക്**

**കക്കാട് സ്പിന്നിംഗ് മിൽ ഏറ്റെടുക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നാഷണൽ ടെക്സ്റ്റൈയിൽ കോർപ്പറേഷന്റെ കീഴിലുള്ള കക്കാട് സ്പിന്നിംഗ് മിൽ അനിശ്ചിതകാലമായി അടഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥാപനം സംസ്ഥാന സർക്കാറിന് ഏറ്റെടുക്കാൻ സാധിക്കുമോ;വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്ഥാപനം കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ളതാണ്.<br><br>കോവിഡ് പശ്ചാത്തലത്തിൽ, സംസ്ഥാനത്തെ അടച്ചു പൂട്ടിയ എൻ.ടി.സി മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് വ്യവസായ വകുപ്പുമന്ത്രി ബഹു.കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രിയ്ക്ക് 09.08.2021ലും 28.06.2022ലും കത്ത് അയയ്ക്കുകയുണ്ടായി. കൂടാതെ ഇതുമായി ബന്ധപ്പെട്ട ആവശ്യങ്ങളും സാഹചര്യവും വ്യക്തമാക്കി 17.11.2021 ൽ മെമ്മോറാണ്ടം സമർപ്പിയ്ക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ അടഞ്ഞുകിട ക്കുന്ന എൻ.ടി.സി മില്ലുകളിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷണവും ഉപജീവനവും സംരക്ഷിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.<br><br>ഇതിന് നീതി ആയോഗ് ചേർന്ന് തുടർ നടപടി സ്വീകരിക്കുമെന്നാണ് കേന്ദ്ര മന്ത്രി മറുപടി നൽകിയത് |
| (ബി) | പ്രസ്തുത സ്ഥാപനത്തിലെ തൊഴിലാളികൾക്ക് ആനുകൂല്യം ലഭ്യമാക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ സാധിക്കുമോ; വ്യക്തമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്ഥാപനം കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ളതാണ്.<br><br>കോവിഡ് പശ്ചാത്തലത്തിൽ, സംസ്ഥാനത്തെ അടച്ചു പൂട്ടിയ എൻ.ടി.സി മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് വ്യവസായ വകുപ്പുമന്ത്രി ബഹു.കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രിയ്ക്ക് 09.08.2021ലും 28.06.2022ലും കത്ത് അയയ്ക്കുകയുണ്ടായി. കൂടാതെ ഇതുമായി ബന്ധപ്പെട്ട ആവശ്യങ്ങളും സാഹചര്യവും വ്യക്തമാക്കി 17.11.2021 ൽ മെമ്മോറാണ്ടം സമർപ്പിയ്ക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ അടഞ്ഞുകിട ക്കുന്ന എൻ.ടി.സി മില്ലുകളിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷണവും ഉപജീവനവും സംരക്ഷിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.<br><br>ഇതിന് നീതി ആയോഗ് ചേർന്ന് തുടർ നടപടി സ്വീകരിക്കുമെന്നാണ് കേന്ദ്ര മന്ത്രി മറുപടി നൽകിയത് |

സെക്ഷൻ ഓഫീസർ